**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6070** **09-07-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചാർജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചാർജ്ജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 8.02.2024-ന് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരമുള്ള. നിരക്കാണ് ഇപ്പോൾ പ്രാബല്യത്തിൽ ഉള്ളത്. സപ്ലൈ കോഡ് 2014 -ന്റെ 33 (4) -ാം ചട്ടത്തിൽ കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡാറ്റ അംഗീകരിക്കപ്പെട്ട തീയതി മുതൽ ചുരുങ്ങിയത് ഒരു വർഷത്തേക്ക് പ്രാബല്യം ഉണ്ടായിരിക്കുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള ചാർജ് വർദ്ധിപ്പിക്കുന്നത് കെഎസ്ഇബിയുടെ പരിഗണനയിൽ ഇല്ല. |
| (ബി) | നിലവിൽ പോസ്റ്റില്ലാതെ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് എത്ര രൂപയാണ് മിനിമം അടയ്ക്കേണ്ടത്; ഒരു പോസ്റ്റ് അടക്കം കണക്ഷൻ ലഭിക്കുന്നതിന് മിനിമം എന്ത് തുക അടയ്ക്കേണ്ടതുണ്ട്; പോസ്റ്റുകളുടെ എണ്ണം കൂടുന്നതിനനുസരിച്ചുള്ള തുകകൾ എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | നിലവിൽ, പോസ്റ്റില്ലാതെ സിംഗിൾ ഫേസ് സർവീസ് കണക്ഷൻ ലഭിക്കുന്നതിന് കോസ്റ്റ് ഡാറ്റ പ്രകാരം അടക്കേണ്ട തുക 1914 രൂപയും ത്രീ ഫേസ് സർവീസ് കണക്ഷന് 4642 രൂപയും ആകുന്നു. ഒരു പോസ്റ്റ് അടക്കം കണക്ഷൻ ലഭിക്കുന്നതിന് സിംഗിൾ ഫേസ് മിനിമം ചാർജ് ആയി 11990 രൂപയും ത്രീ ഫേസ് കണക്ഷൻ ലഭിക്കുന്നതിന് 16717 രൂപയും അടക്കേണ്ടതുണ്ട്. ഇതിനു പുറമേ ഓരോ മീറ്റർ സിംഗിൾ ഫേസ് ഓവർ ഹെഡ് (OH) ലൈനിന് 88 രൂപയും, ത്രീ ഫേസ് ഓവർ ഹെഡ് ലൈനിന് മീറ്ററൊന്നിന് 176 രൂപയും അടക്കേണ്ടതുണ്ട്. കൂടാതെ, സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഏറ്റവും കുറഞ്ഞത് 300 രൂപയും അപേക്ഷ ഫീസ് ആയി 50 രൂപയും ഈടാക്കി വരുന്നു. പോസ്റ്റുകളുടെ എണ്ണം കൂടുന്നത് അനുസരിച്ചുള്ള നിരക്കുകൾ **അനുബന്ധം - 1 ആയി കൊടുത്തിരിക്കുന്നു.** |
| (സി) | ഇങ്ങനെ കണക്ഷൻ ലഭിക്കുമ്പോൾ ഒരു പോസ്റ്റ് കൊണ്ടു വരുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് എത്രയാണ്; കൂടാതെ പോസ്റ്റുകളുടെ എണ്ണം കൂടുന്നതിനുസരിച്ച് ട്രാൻസ്പോർട്ടേഷൻ ചാർജിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; ഒരു വ്യക്തിക്ക് 5 | (സി) | പോസ്റ്റിന്റെ ട്രാൻസ്പോർട്ടേഷൻ ചാർജ് എന്നത്, പോസ്റ്റുകൾ ലോറിയിലോ, കൈവണ്ടിയിലോ, തല ചുമട് ആയിട്ടോ ആണ് കൊണ്ടുപോകുന്നതിനെ ആശ്രയിച്ചിരിക്കും. ഇവയുടെ നിലവിലുള്ള നിരക്കുകൾ അനുബന്ധം -2 ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | പോസ്റ്റ് ആവശ്യമാണെങ്കിൽ ആയതിന്റെ ചാർജ് വിശദമാക്കാമോ; | | കൈവണ്ടിയിലും, തലച്ചുമടായി എടുക്കുന്നതിനും ഒരു പോസ്റ്റിനാണ് നിരക്കുകൾ ഉള്ളതെങ്കിലും ലോറിയിൽ കൊണ്ടുപോകുന്നതിന് നാലു പോസ്റ്റ് വരെ ഒരുമിച്ച് കൊണ്ടുപോകുന്നതിനും ഒരു നിരക്കാണ് സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ അഞ്ചു പോസ്റ്റ് വരെ കൊണ്ടുപോകുന്നതിലേക്ക് ലോറിയിൽ രണ്ട് ട്രിപ്പ് വേണ്ടിവരും എന്ന് കണക്കാക്കി രണ്ട് ട്രിപ്പിന്റെ നിരക്ക് ഈടാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. |
| (ഡി) | പോസ്റ്റിന്റെ തുക അടയ്ക്കാതെ കോഷൻ ഡെപ്പോസിറ്റ് മാത്രം അടച്ച് കണക്ഷൻ ലഭിക്കുന്ന സമ്പ്രദായം നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്നുമുതലാണ് അത് നിർത്തലാക്കിയത്; വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര വൈദ്യുതി നിയമം 2003 പ്രകാരം സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് അനുസരിച്ചാണ് വൈദ്യുതി കണക്ഷൻ കെ.എസ്.ഇ.ബി ലിമിറ്റഡ് നൽകി വരുന്നത്. ഇലക്ട്രിസിറ്റി ആക്ട് 2003 , കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് എന്നിവ നിലവിൽ വന്നതിനു ശേഷം ഏതു തരം വൈദ്യുത കണക്ഷനും, ആ കണക്ഷൻ നൽകുന്നതിലേക്കായി വേണ്ടി വരുന്ന ചെലവ് മുൻകൂറായി അടയ്ക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട് .<br><br>എന്നാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും നിലവിൽ സൗജന്യമായി കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ തനതു ഫണ്ടുപയോഗിച്ച് ക്യാപിറ്റൽ ഇൻവെസ്റ്റ്മെൻറ് പ്ലാനിൽ ഉൾപ്പെടുത്തി നൽകി വരുന്നു. 30 യൂണിറ്റ് വരെ ഉപഭോഗമുള്ള ബി പി എൽ ഉപഭോക്താക്കൾ ഒഴികെയുള്ള എല്ലാത്തരം ഉപഭോക്താക്കൾക്കും സെക്യൂരിറ്റി ഡെപ്പോസിറ്റ് ബാധകമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

| Sl No. | Description of the work | Existing Rate |
|---|---|---|
| 1 | LT single phase over head service connection upto and including 50m with max. 1 Post | 10076+88 per Mof OH line |
| 2 | LT single phase over head service connection above 50 m upto and including 100 m with max. 2 Posts | 24145+88 per M of OH line above 50m |
| 3 | LT single phase over head service connection above 100m up to and including 150m with max. 3 Posts | 37895+88 per M of OH line above 100m |
| 4 | LT single phase over head service connection above 150m up to and including 200m with max. 4 Posts | 51425+ 88 per M of OH line above 150 m |
| 5 | LT three phase over head service connection upto and including 50m with max. 1 Post | 12705 +176 per M of OH line |
| 6 | LT three phase over head service connection above 50m upto and including 100m with max. 2 Posts | 31680+ 176 per M of OH line above 50m |
| 7 | LT three phase over head service connection above 100m up to and including 150m with max. 3 Posts | 51260+176 per M of OH line above 100m |
| 8 | LT three phase over head service connection above 150m up to and including 200m with max. 4 Posts | 70510+ 176 per M of OH line above 150m |
| 9 | post insertion for LT single phase over head line (without stay) | 8563 |
| 10 | post insertion for LT single phase over head line (with stay) | 11706 |
| 11 | post insertion for LT single phase over head line (with strut) | 16455 |
| 12 | Estimate for post insertion for LT three phase over head line (without stay) | 9365 |
| 13 | post insertion for LT three phase over head line (with stay) | 12508 |
| 14 | post insertion for LT three phase over head line (with strut) | 17257 |

Section officer.

അനുബന്ധം - 2

Uniform Labour Data 2022 (Transportation of Poles)

| Old key code | New Code | Short Description of work | Detailed description of work | UOM | Amount incl. 15 % CP |
|---|---|---|---|---|---|
| 726 | 15.1 | Transporting poles by hired vehicle to a distance upto 5km and carrying upto 4 poles excluding loading & unloading. | Transporting poles by hired vehicle to a distance upto 5km and carrying upto 4 numbers of poles excluding loading& unloading charges. | Trip | 3142.26 |
| 727 | 15.2 | Transporting poles by hired vehicle to a distance beyond 5km and carrying upto 4 poles. (Running km). | Transporting poles by hired vehicle to a distance beyond 5km and carrying upto 4 numbers of poles. (Running km) | km | 103.5 |
| | | | | | |
| 202 | 2.2 | Transporting one LT PSC pole by Hand cart - limited to 4km (excluding loading and unloading). | Transporting one LT PSC pole by Hand cart - (normally limited to 4km) (excluding loading and unloading). | P/km | 376.36 |
| 203 | 2.3 | Transporting one LT PSC pole by Head load for an average distance of one km (limited to 0.3km). | Transporting one LT PSC pole by Head load - for an average distance of one km where transportation by hand cart is not possible. (normally limited to 0.3km). | P/km | 1395.68 |
| 827 | 19.2 | Transporting one LT TW/RSJ/Rail pole by Hand cart - limited to 4km (excluding loading and unloading). | Transporting one LT TW/RSJ/Rail pole by Hand cart - normally limited to 4km (excluding loading and unloading). | P/km | 156.82 |

Section Officer